# മലയമാരുതൻ

[പ്രൊഫസ്സർ (ഡോ.) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

രഹസ്യമായ്
കിടപ്പറയിൽ
ചുംബിക്കാത്തോർ
പരസ്യമായ്
മുത്തുവതെങ്ങിനെ?!

കാമത്തിനു കണ്ണില്ലെന്നേ
കാരണോർ പറഞ്ഞുള്ളു!
വദനദുർവായുവിലെ
കയ്പ്പുവേപ്പിലക്കുഴമ്പ്
അഷ്ടാംഗഹൃദയത്തിലെ
പുസ്തകടയാളച്ചരടിൽ
കോർത്തടച്ചൊരദ്ധ്യായം:
കാമസൂത്രമുനിക്കുപോലും
സ്പർശഗന്ധരുചിയുടെ
ത്രിവേണീയോഷ്ഠ്യഘർഷണം
അനുബന്ധ മറവിയായതിനു
കാരണം തേടി
ദൂരദേശാടനമെന്തിന്?

ഒക്ടോവിയനും
ലഹരിക്കാരനും
തന്നെത്തന്നെ മറന്ന്
ചുടുബിംബച്ചുണ്ടൂ-
റ്റുന്നതിൻ കാരണം
അന്യരാജ്യത്തു
തേടുന്നതിൻ മുമ്പ്
തന്നെത്തന്നെയറിയുക:

തുപ്പുവിയർപ്പുപോലും
തന്നിൽ പടരാതിരിക്കാൻ
ആലിംഗനക്കൈക്കുലുക്കുകൾ
നമസ്തേയിലൊതുക്കി
സ്വാഗതസ്വാഗതത്തിൽ
മുഴുകും സംസ്കൃതി,
വെള്ളിപ്പാത്രവെള്ളവും
അധരം തൊടാതെ കുടിക്കും!

രഹസ്യമായ്
കിടപ്പറയിൽ
ചുംബിക്കാത്തോർ
പരസ്യമായ്
മുത്തുവതെങ്ങിനെ?!
*****************************************************